**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1993** **06-07-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെ ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെ കൊച്ചി മെട്രോ ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവൃത്തികൾ- ക്കായി 04.06.2022-ലെ സ.ഉ.(കൈ.)നം.28/2022/ഗതാ. പ്രകാരം 291.53 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു. സീപോർട്ട്-എയർപോർട്ട് റോഡ് നാലുവരി പാതയാക്കുന്നതിനുള്ള നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ച് വരികയുമാണ്.<br><br>പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെ കൊച്ചി മെട്രോ ദീർഘിപ്പിക്കുന്ന പദ്ധതിയുടെ അനുമതിക്കായി വിശദമായ പദ്ധതി രേഖ [Detailed Project Report (DPR)] കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ഏറ്റെടുത്ത സ്ഥലം എത്രയെന്നും ഇനി എത്ര സ്ഥലം ഏറ്റെടുക്കാൻ ഉണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | പാലാരിവട്ടം മുതൽ കാക്കനാട് വരെ 1.3738 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ളത്. പാലാരിവട്ടം മുതൽ കാക്കനാട് വരെ 0.7121 ഹെക്ടർ സ്ഥലവും, ജെ.എൽ.എൻ മെട്രോ സ്റ്റേഷൻ മുതൽ പാലാരിവട്ടം വരെ 0.5445 ഹെക്ടർ സ്ഥലവുമാണ് ഇനി ഏറ്റെടുക്കാനുള്ളത്. |
| (സി) | ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമകളായ എത്ര പേർക്ക് നാളിതുവരെ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | പാലാരിവട്ടം മുതൽ കാക്കനാട് വരെ 258 പേർക്കായി 135.72 കോടി രൂപ നാളിതുവരെ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇനി എത്ര പേർക്ക് നഷ്ടപരിഹാര തുക അനുവദിക്കാൻ ബാക്കി ഉണ്ടെന്നും ആയതിന് എത്ര തുക ആവശ്യമായി വരുമെന്നും വ്യക്തമാക്കുമോ? | (ഡി) | പാലാരിവട്ടം മുതൽ കാക്കനാട് വരെ 105 പേർക്കും, ജെ.എൽ.എൻ. മെട്രോ സ്റ്റേഷൻ മുതൽ പാലാരിവട്ടം വരെ ഉദ്ദേശം 80 പേർക്കുമായി ആകെ 102.53 കോടി രൂപയോളം നഷ്ടപരിഹാരം നൽകേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ